പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 491   06-03-2012 ന് മറുപടിയ്ക്ക്

ഗ്രീൻ പൂങ്കാവനം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. വിൻസെന്റ് :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. എം.എ. വാഹിദ് :<br>ശ്രീ. വി.റ്റി. ബൽറാം : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി ) |
| എ) ഗ്രീൻ പൂങ്കാവനം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ; | എ) ഗ്രീൻ പൂങ്കാവനം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ജൈവവൈവിധ്യം കാത്തു സൂക്ഷിക്കുക.<br>2. പമ്പാനദിയും പൂങ്കാവനവും മാലിന്യ മുക്തമാക്കുക.<br>3. പരിസ്ഥിതി മലിനീകരണം ഒഴിവാക്കുക.<br>4. പ്ലാസ്റ്റിക് ഖരമാലിന്യങ്ങൾ മൂലം വന്യജീവികൾക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കുക.<br>5. കാട്ടുതീയിൽ നിന്നും അനധികൃത പ്രവർത്തനങ്ങളിൽ നിന്നും കാടിനെ സംരക്ഷിക്കുക.<br>6. തീർത്ഥാടകർക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുക.<br>7. ഗുണമേന്മയുള്ള ആഹാരസാധനങ്ങൾ തീർത്ഥാടകർക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുക.<br>8. തീർത്ഥാടകർക്ക് ആവശ്യാനുസരണം കുടിവെള്ളം ഉറപ്പാക്കുക.<br>9. പമ്പാനദിയുടെ പരിശുദ്ധിയും പൂങ്കാവനത്തിന്റെ പാവനതയും കാത്തു സൂക്ഷിച്ചുകൊണ്ട് തീർത്ഥാടകർക്ക് സുഖദർശനം ഉറപ്പാക്കുക. |
| ബി) ശബരിമല തീർത്ഥാടനം പരിസ്ഥിതി സൗഹൃദവും മാലിന്യമുക്തവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾ ക്കൊള്ളിച്ചിട്ടുള്ളത് ; | ബി) ശബരിമല തീർ ത്ഥാടനം പരിസ്ഥിതി സൗഹൃദവും മാലിന്യമുക്തവുമാക്കുന്നതിന് താഴെ പറയുന്ന നടപടികളാണ് ഉൾ ക്കൊള്ളിച്ചിട്ടുള്ളത്.<br>1. പൊതുജനങ്ങൾക്കായുള്ള ബോധവല്ക്കരണം.<br>2. തീർത്ഥാടകർക്കായുള്ള ബോധവല്ക്കരണം. |

3. പമ്പയിലും പൂങ്കാവനത്തിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്നു കൂട്ടുന്നത് തടയുന്നതിനായി തീർ ത്ഥാടക പാതയോര ങ്ങളിൽ പ്ലാസ്റ്റിക് ശേഖരണം നടത്തുക, മാലിന്യ നിക്ഷേപ കൂടകൾ സ്ഥാപിക്കുക.
4. ഖരമാലിന്യങ്ങളും മറ്റും പമ്പയിലൂടെ ഒഴുകി നടക്കുന്നത് തടയുന്നതിന് പമ്പാനദിക്കു കുറുകെ ഇരുമ്പു വേലി നിർമ്മിക്കുക.
5. ഖരമാലിന്യങ്ങളുടെ ശേഖരണവും നീക്കം ചെയ്യലിനുമായി വന സംരക്ഷണ സമിതി പ്രവർത്തകരേയും തദ്ദേശവാസികളെയും ഉൾ പ്പെടുത്തുക.
6. വടശ്ശേരിക്കര, ളാഹ, പ്ലാപ്പള്ളി, ആങ്ങമൂഴി, നിലയ്ക്കൽ, പമ്പ തുടങ്ങിയ സ്ഥലങ്ങളിൽ ഇൻഫർ മേഷൻ സെന്റർ സ്ഥാപിക്കുക.
7. വന സംരക്ഷണ സമിതികളുടെ നേതൃത്വ ത്തിൽ തീർത്ഥാടക പാതയോര ങ്ങളിൽ നടത്തുന്ന തീർത്ഥാടക സമാശ്വാസ കേന്ദ്രങ്ങളിൽക്കൂടി തീർത്ഥാടകർക്ക് കുടിവെള്ളവും ഭക്ഷണവും ന്യായവിലയ്ക്ക് നൽകുക.
8. തീർത്ഥാടന കാലത്തെ ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന മൊബൈൽ ഫോറസ്റ്റ് റെസ്ക്യൂ ഫോഴ്സ് സംഘടിപ്പിക്കുക.
9. പമ്പയിലുള്ള ഇൻറർപ്രിട്ടേഷൻ സെന്ററിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
10. വനത്തിലൂടെയുള്ള പരമ്പരാഗത തിരുവാഭരണ ഘോഷയാത്രാ പാതകൾ സംരക്ഷിക്കുക.

11. ളാഹയിലുള്ള തിരുവാഭരണ സത്രം നവീകരിക്കുക.

| | |
|---|---|
| സി) ഈ പദ്ധതി വിജയപ്രദമാക്കു ന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ ? | സി) ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ